പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 700

07.01.2014 ൽ മറുപടിയ്ക്ക്

## ടെക്നോളജി ഇന്നൊവേഷൻ സോൺ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് ;<br>ശ്രീ. ജോസഫ് വാഴക്കൻ :<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ :<br>ശ്രീ. ഷാഫി പറമ്പിൽ ; | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) | |
| എ) | സംസ്ഥാനത്ത് ടെക്നോളജി ഇന്നൊവേഷൻ സോൺ സ്ഥാപിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ ; | എ) | ഉണ്ട്. |
| ബി) | എങ്കിൽ എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത്; | ബി) | സംരംഭകത്വം വളർത്തുന്നതിന്റെ ഭാഗമായി അടുത്ത കാലയളവിൽ ഇന്ത്യയൊട്ടാകെ 1000 ടെക്നോളജി ഇൻക്യുബേറ്ററുകൾ ആരംഭിക്കുന്നതിന് ദേശീയ ശാസ്ത്ര-സാങ്കേതിക വകുപ്പ് പദ്ധതിയിടുന്നു. 2020 ഓടെ T-TBI ടെക്നോളജി ഇന്നവേഷൻ സോൺ സ്ഥാപിക്കുന്നതിലൂടെ കേരളത്തിൽ 3000 ടെക്നോളജി സ്റ്റാർട്ട് അപുകൾ സൃഷ്ടിക്കുന്നതിന് കേരള ഐ.ടി. പോളിസി 2012 വിഭാവനം ചെയ്യുന്നു. ഇതിന് വേണ്ടി സ്ഥാപിച്ച ടെക്നോപാർക്ക് ടെക്നോളജി ബിസിനസ്സ് ഇൻകുബേറ്റർ കഴിഞ്ഞ ആറ് വർഷമായി വിജയകരമായി പ്രവർത്തിച്ചുവരുന്നു. ഇതിന്റെ കീഴിൽ, എല്ലാ മേഖലകളിലും സ്വയംസംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി രൂപീകരിച്ച പദ്ധതിയാണ് ടെക്നോളജി ഇന്നവേഷൻ സോൺ. താഴെപ്പറയുന്നവ ടെക്നോളജി ഇന്നവേഷൻ സോൺ ലക്ഷ്യമിടുന്നു.<br><br>1. ഇലക്ട്രോണിക്സ്, മൊബൈൽ കമ്മ്യൂണിക്കേഷൻസ്, കൃഷി, കായികം, മത്സ്യബന്ധനം, ജനിതക സാങ്കേതികവിദ്യ തുടങ്ങിയ മേഖലയിലുള്ള വ്യവസായിക പ്രമുഖരെ പങ്കെടുപ്പിച്ച് സംരംഭകത്വവും നൂതന ആശയങ്ങളും പ്രോത്സാഹിപ്പിക്കുക.<br><br>2. ഇൻക്യുബേറ്ററുകളുടെ സ്റ്റാർട്ട് അപ് വില്ലേജ് മോഡൽ പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ മേഖലകളിൽ പി.പി.പി. മോഡലിൽ മൾട്ടിപ്പിൾ ഇൻക്യുബേറ്ററുകൾ സ്ഥാപിക്കുക.<br><br>3. സ്റ്റാർട്ട് അപ് വില്ലേജുകളും അതുപോലുള്ള മറ്റ് എല്ലാ ഇൻക്യുബേറ്ററുകളും ടെക്നോളജി ഇന്നവേഷൻ സോൺ എന്ന കുടക്കീഴിൽ കൊണ്ടുവരിക. |

സി) സ്റ്റാർട്ട് അപ് സംരംഭങ്ങൾ കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കമോ;

സി)

1. ടെക്നോളജി ഇന്നവേഷൻ സോണിന് കീഴിൽ വരുന്ന എല്ലാ ഇൻക്യുബേറ്ററുകൾക്കുമുള്ള അടിസ്ഥാന സൗകര്യങ്ങൾ, വൈദ്യുതി, സ്ഥലം, ഇന്റർനെറ്റ് സൗകര്യം തുടങ്ങിയവ ലഭ്യമാക്കുന്ന ഒരു പ്ലഗ് ആന്റ് പ്ലേ സ്റ്റാർട്ട് ഓഫീസായി പ്രവർത്തിക്കുന്നതാണ്.

2. സ്റ്റാർട്ട് അപ് സംരംഭങ്ങളിൽ പുതുതായി നിക്ഷേപം നടത്തുവാൻ താല്പര്യമുള്ള സംരംഭകർക്ക് സൗകര്യങ്ങൾ ചെയ്തുകൊടുക്കുവാനായി എയ്ഞ്ചൽ ഇൻവെസ്റ്റേഴ്സുമായി ബന്ധപ്പെടുത്തുന്നതാണ്.

3. സ്റ്റാർട്ട് അപ് സംരംഭകർക്ക് സൗകര്യപ്രദമായ ജോലി സമയം ക്രമീകരിക്കുന്നതിനായി താമസ സൗകര്യം ഏർപ്പെടുത്തുന്നതാണ്.

4. സംരംഭകർക്ക് കൂടുതൽ വിപണന സാദ്ധ്യതകൾ ഉണ്ടാകുന്നതിന് വേണ്ടി ദേശീയ അന്തർ ദേശീയ തലത്തിൽ വിവിധ പരിപാടികളും സെമിനാറുകളും സംഘടിപ്പിക്കുകയും അത്തരം അന്തർ ദേശീയ സെമിനാറുകളിലേയ്ക്കും പരിപാടികളിലേയ്ക്കും സംരംഭകരെ അയയ്ക്കുകയും ചെയ്യുന്നതാണ്.

5. സ്റ്റാർട്ട് അപ് വില്ലേജിൽ സംരംഭങ്ങൾ തുടങ്ങുന്നതിനായി സംരംഭകർക്ക് സീഡ് ഫണ്ടിംഗ് നൽകുന്നതാണ്.

6. വ്യവസായ പ്രമുഖരും, അക്കാഡമിക് രംഗത്തെ വിദഗ്ധരുമടങ്ങിയ മാർഗ്ഗദർശികളുടെ സഹായം സ്റ്റാർട്ട് അപ് പദ്ധതികൾക്ക് ലഭ്യമാക്കുന്നതാണ്.

7. സംരംഭകർക്ക് അവരുടെ ഉൽപന്നങ്ങളുടെ പ്രോട്ടോ ടൈപ്പുകൾ നിർമ്മിക്കുന്നതിനായി ഹാബ് ഫാബ് സൗകര്യം ടെക്നോളജി ഇന്നവേഷൻ സോണിൽ ഉണ്ടായിരിക്കുന്നതാണ്.

ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കമോ?

ഡി) സ്റ്റാർട്ട് അപ്പ് വില്ലേജ് എന്ന TBIC യുടെ വിജയകരമായ പ്രവർത്തനം മറ്റ് സാങ്കേതിക മേഖലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിന് കളമശ്ശേരിയിൽ കിൻഫ്ര ഹൈടെക് പാർക്കിന്റെ 13.2 ഏക്കർ സ്ഥലത്ത് കേരള ടെക്നോളജി ഇന്നോവേഷൻ സോൺ സ്ഥാപിക്കുവാൻ തീരുമാനമായിട്ടുണ്ട്. ഈ സോണിൽ സ്റ്റാർട്ട് അപ്പ് വില്ലേജ് കൂടാതെ ഇലക്ട്രോണിക്സ്, നാനോ ടെക്നോളജി, ആനിമേഷൻ, ഗെയിമിംഗ്, മത്സ്യബന്ധനം, കൃഷി തുടങ്ങിയ മറ്റ് സാങ്കേതിക ശാഖകളിൽ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ കൂടുതൽ TBIC കൾ തുടങ്ങുവാൻ പദ്ധതിയുണ്ട്. ടെക്നോപാർക്ക് TBIC ആയിരിക്കും ഈ സോൺ വികസിപ്പിക്കുക. കോളേജുകളിൽ സംരംഭകത്വ ക്ലബുകൾ ആരംഭിക്കുന്നതിനായി ഒരു

'സ്റ്റാർട്ട് അപ് ബൂട്ട്കാംപ്' സംഘടിപ്പിക്കുന്നതിന് പദ്ധതിയിട്ടിട്ടുണ്ട്. ഇവ മുഖേന സംരംഭകത്വത്തെയും നൂതന ആശയങ്ങളെയും പ്രോത്സാഹിപ്പിക്കുവാൻ കഴിയുന്നതാണ്. 'സ്റ്റാർട്ട് അപ് ബോക്സ് കാംപയിൻ' മുഖേന വിദ്യാർത്ഥികൾക്ക് അവരുടെ കമ്പനികൾ ആരംഭിക്കുന്നതിന് സഹായകമായി 100 സ്റ്റാർട്ട് അപ് കിറ്റുകൾ വിതരണം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ വിജ്ഞാനതൃഷ്ണയും സംരംഭകത്വവും ഒരു നിശ്ചിത ധാരയിലേയ്ക്ക് കൊണ്ടുവന്ന്, അത് തുടരുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് 'സ്റ്റാർട്ട് അപ് ബൂട്ട് കാംപ് ജൂനിയർ' എന്ന പദ്ധതി സ്കൂൾ വിദ്യാർത്ഥികൾക്കായി നടപ്പിലാക്കിക്കൊണ്ട് 10000 സ്കൂൾ വിദ്യാർത്ഥികൾക്ക് റാസ്പ്ബറിപൈ പ്രോഗ്രാം പരിശീലനം നൽകുന്നതിന് പദ്ധതിയിട്ടിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ രംഗത്ത് വിദേശരാജ്യങ്ങളിലെ പ്രഗത്ഭരായ അദ്ധ്യാപകരോട് സംവദിക്കുന്നതിനും അവരിൽ നിന്നും വിജ്ഞാനം സമ്പാദിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് അന്തർദേശീയതലത്തിൽ ഉന്നത നിലവാരത്തിലുള്ള യൂണിവേഴ്സിറ്റികളുമായി ധാരണയിലെത്തുന്നതിനും പദ്ധതിയിട്ടിട്ടുണ്ട്. ആഗോള നിലവാരമുള്ള സംരംഭകത്വ വിനിമയ പദ്ധതി വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതിന്റെ ഭാഗമായി തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളെ അന്തർദേശീയ ഉന്നത നിലവാരമുള്ള സംരംഭകത്വത്തിന് പേരുകേട്ട സ്ഥലങ്ങളിലേയ്ക്ക് കൊണ്ടുപോകുന്നതിനും ഉദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട യുവ സംരംഭകർ 'സിലിക്കൺ വാലി' സന്ദർശിക്കുകയും ഇതിന്റെ ഒന്നാംഘട്ടം വിജയകരമായി പൂർത്തിയാക്കുകയും ചെയ്തു. കൂടാതെ, വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിനായി 'ഫാബ്ലാബ്' രൂപീകരിക്കുന്നതിനും പദ്ധതിയിട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ